**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6027** **17-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകണമെന്ന ശ്രീ. ആൽവിൻ ജയിംസ് എന്നവരുടെ അപേക്ഷയിൽ (ഇ-6521189/എം-ഫിൻ/2022) ധനകാര്യ വകുപ്പിലെ ആസൂത്രണവും സാമ്പത്തിക കാര്യവും (എ) വകുപ്പിൽ (2212679/ പ്ലാനിംഗ് -ബി1/90/2022/ധന.) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ എല്ലാ കത്തിടപാട്ടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | **ബാങ്കുകൾ മുഖാന്തിരം അനുവദിച്ച് നൽകുന്ന വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നത് ആസൂത്രണവും സാമ്പത്തിക കാര്യവും (എ) വകുപ്പിലായതിനാൽ, ബഹു.ആലുവ നിയോജക മണ്ഡലം എം എൽ എ ശ്രീ.അൻവർ സാദത്ത് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുള്ള (ഇ-6521189/എം-ഫിൻ/2022) അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത കത്ത് ആ വകുപ്പിന് കൈമാറുകയും, ടി വിവരം ബഹു.ആലുവ നിയോജക മണ്ഡലം എം.എൽ.എ ശ്രീ.അൻവർ സാദത്തിനെ 10/10/2022 ലെ 2212679/പ്ലാനിംഗ്-ബി1/90/2022 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിടപാടുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.** |
| (ബി) | ഈ വിഷയത്തിൽ അപേക്ഷകന് മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ വിഷയത്തിൽ ആസൂത്രണവും സാമ്പത്തിക കാര്യവും(എ) വകുപ്പിലെ നിലവിലുള്ള ഫയലിന്റെ തൽസ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ? | (ബി) | **ആസൂത്രണവും സാമ്പത്തിക കാര്യവും (എ) വകുപ്പിൽ നിന്നും അപേക്ഷകന് മറുപടി നൽകിയിട്ടില്ല. ആസൂത്രണവും സാമ്പത്തിക കാര്യവും (എ) വകുപ്പിന്റെ 11/01/2023 ലെ PLGEA-A2/466-2022-PLGEA നമ്പർ കത്തു പ്രകാരം വിദ്യാഭ്യാസ വായ്പ അനുവദിക്കുന്ന വിഷയത്തിൽ പരിശോധിച്ച നടപടി സ്വീകരിച്ച റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി കൺവീനറോട്ടം, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നെടുമ്പാശേരി ശാഖാ മാനേജരോട്ടം ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ - മാതൃഭാഷ'

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**നം.2212679/പ്ലാനിംഗ്-ബി1/90/2022/ധന.**

**ധനകാര്യ (പ്ലാനിംഗ്-ബി)വകുപ്പ്**
**തിരുവനന്തപുരം.**
**തീയതി : 10.10.2022**

## അനൗദ്യോഗിക കുറിപ്പ്

വിഷയം :- വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ബാങ്കുകൾക്ക് നൽകണമെന്ന അപേക്ഷ - സംബന്ധിച്ച്

സൂചന :- ബഹു.ആലുവ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. അൻവർ സാദത്ത്, ബഹു.ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ 30.08.2022 തീയതിയിലെ ശിപാർശ കത്ത്.

സൂചനയിലേയ്ക്ക് ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പിന്റെ ശ്രദ്ധ ക്ഷണിയ്ക്കാവുന്നതും, തുടർനടപടികൾ സ്വീകരിക്കുന്നതിനായി സൂചന പ്രകാരമുള്ള നിവേദനം പ്രസ്തുത വകുപ്പിന് കൈമാറാവുന്നതുമാണ്.

**രമ ഐ**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

ആസൂത്രണ സാമ്പത്തിക കാര്യ(എ)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

6521189/2022/FM

5474/ ...../20 22

അൻവർ സാദത്ത്
(ആലുവ)
അംഗം
കേരള നിയമസഭ
"ഓലിക്കര ഹൗസ്"
പറമ്പയം
നെടുമ്പാശ്ശേരി പി. ഒ.
പിൻ-683 585
ഓഫീസ് ആലുവ : 0484-2623003

ഫോൺ : 0471-2512301
നെയ്യാർ ബ്ലോക്ക്-8A
എം. എൽ. എ. ഹോസ്റ്റൽ
തിരുവനന്തപുരം
E-mail: anwarsadath18@gmail.com

സ്ഥലം തിരുവനന്തപുരം
തീയതി 30/08/2022

**ശ്രീ. കെ. എൻ. ബാലഗോപാൽ**
ബഹു.ധനകാര്യ വകുപ്പ് മന്ത്രി

Secretary (Finance)
Please examine
Minister for Finance
Government of Kerala

ബഹുമാനപ്പെട്ട മന്ത്രി,

ആലുവ നിയോജക മണ്ഡലത്തിലെ ചെങ്ങമനാട് പഞ്ചായത്ത് നട്ടുവത്തുർ പ്രദേശത്തെ ശ്രീ. ആൽവിൻ ജയിംസ് .കരുമത്തി ഹൗസ്, നെടുവന്നൂർ, ചൊവ്വര പി.ഒ. കാനഡയിൽ പി.ജി.ഡിപ്ലോമയ്ക്ക് ചേരുന്നതിനായി നെടുമ്പാശ്ശേരി എസ്.ബി.ഐ. ശാഖയിൽ വിദ്യാഭ്യാസ ലോണിനായി അപേക്ഷിച്ചപ്പോൾ വീട് ഇരിക്കുന്ന സ്ഥലം കെ.റെയിൽ സാമൂഹ്യ ആഘാത പഠനത്തിനായി മഞ്ഞക്കുറ്റി ഇട്ടതിനാൽ ഈ ഭൂമി ഈട് വച്ച് ലോൺ എടുക്കാൻ കഴിയില്ലെന്നാണ് ബാങ്കിൽ നിന്ന് മറുപടി ലഭിച്ചത്. ഈ ലോൺ കിട്ടാത്തതിനാൽ ആൽവിൻ ജയിംസിന്റെ തുടർ പഠനം തടസ്സപ്പെട്ടിരിക്കുകയാണ്. അങ്ങ് ഈ വിഷയം പരിശോധിച്ച് ആൽവിൻ ജയിംസിന് തുടർ പഠനം നടത്തുന്നതിനുള്ള ബാങ്ക് ലോൺ ലഭിക്കുന്നതിന് സാഹചര്യമുണ്ടാക്കണമെന്ന് താല്പര്യപ്പെടുന്നു.

കേരളത്തിലെ മറ്റ് പല ജില്ലകളിലും കെ. റെയിൽ അടയാള കുറ്റി നാട്ടിയ സ്ഥലങ്ങൾ ഈട് ചെയ്ത് വിദ്യാഭ്യാസ വായ്പയും മറ്റ് വായ്പകളും എടുക്കാൻ കഴിയാത്ത സമാന സാഹചര്യം നിലനിൽക്കുന്നതായി അറിയുന്നു. മേലിൽ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾക്കും മറ്റ് വായ്പകൾക്കും ഇത്തരത്തിൽ തടസ്സം നിൽക്കാതിരിക്കുന്നതിന് സർക്കാർ ബാങ്കുകൾക്ക് ഇത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം എത്രയും വേഗം നൽകണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

**അൻവർ സാദത്ത്, എം.എൽ.എ.**
**(ആലുവ)**

'ഭരണഭാഷ - മാതൃഭാഷ'

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**നം.2212679/പ്ലാനിംഗ്-ബി1/90/2022/ധന.**

**ധനകാര്യ (പ്ലാനിംഗ്-ബി)വകുപ്പ്**
**തിരുവനന്തപുരം.**
**തീയതി : 10.10.2022**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

ശ്രീ. അൻവർ സാദത്ത്
ബഹു.എം.എൽ.എ (ആലുവ)
നെയ്യാർ ബ്ലോക്ക് -8 A
എം എൽ എ ഹോസ്റ്റൽ
തിരുവനന്തപുരം

സർ,

വിഷയം :- വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ബാങ്കുകൾക്ക് നൽകണമെന്ന അപേക്ഷ - സംബന്ധിച്ച്

സൂചന :- താങ്കൾ ബഹു.ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ 30.08.2022 തീയതിയിലെ ശിപാർശ കത്ത്.

സൂചന പ്രകാരം അങ്ങ് നൽകിയ അപേക്ഷ തുടർനടപടികൾ സ്വീകരിക്കുന്നതിനായി, പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന ആസൂത്രണവും സാമ്പത്തിക കാര്യവും (എ) വകുപ്പിന് നൽകിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**രമ.ഐ**
ഡെപ്യൂട്ടി സെക്രട്ടറി
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി